ആശങ്ക വേണ്ട, ഇന്ത്യൻ തീരങ്ങളിലെ ചൂര സുരക്ഷിതമെന്ന് സി.എം.എഫ്.ആർ.ഐ.



കൊച്ചി: ബ്രസീലിലെ ചൂര മീനിൽ വിരകൾ കണ്ടെത്തിയെന്ന വാർത്തകളുടെ പേരിൽ ആശങ്ക വേണ്ടെന്നും ഇന്ത്യൻ തീരങ്ങളിൽ ലഭിക്കുന്ന ചൂര സുരക്ഷിതമാണെന്നും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ). ഇന്ത്യയിൽ പിടിക്കപ്പെടുന്ന ചൂമീനുകളിൽ ആരോഗ്യത്തിന് ഹാനികരമാകുന്ന വിധത്തിലുള്ള വിരകളുടെ ഭീഷണിയില്ലെന്നും ഇവ ഭക്ഷണത്തിൽ ഉൾപ്പെടുത്താമെന്നും സിഎംഎഫ്ആർഐ വ്യക്തമാക്കി.

മത്സ്യ ജീവശാസ്ത്ര പഠനങ്ങളുടെ ഭാഗമായി ഇന്ത്യൻ തീരങ്ങളിൽ ലഭ്യമായ ചൂര ഉൾപ്പെടെയുള്ള മത്സ്യങ്ങളെ സിഎംഎഫ്ആർഐ ശാസ്ത്രജ്ഞർ കൃത്യമായി നിരീക്ഷിക്കാറുണ്ടെന്നും എന്നാൽ ഇവയിൽ മനുഷ്യർക്ക് ഹാനികരമാകുന്ന തരത്തിലുള്ള ജീവികളുടെ സാന്നിധ്യം കണ്ടെത്തിയിട്ടില്ലെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് പറഞ്ഞു.

കടലിലെ പാരിസ്ഥിതിക സാഹചര്യങ്ങൾ, മറ്റ് ജീവികളുടെ സാന്നിധ്യം എന്നിവയെ ആശ്രയിച്ചാണ് ഓരോ പ്രദേശത്തെയും മത്സ്യങ്ങളിൽ പരാദ ജീവികളുടെ സാന്നിധ്യം കാണപ്പെടുന്നത്. ഇന്ത്യൻ സമുദ്രമേഖലയിൽ അത്തരം സാഹചര്യമില്ല. കഴുകി ശുചിയാക്കി കുടലും മറ്റ് ആന്തരികാവയവങ്ങളും ഒഴിവാക്കി വേവിച്ചു കഴിക്കുന്നതിനാൽ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കില്ല.

ശരിയായ രീതിയിൽ വൃത്തിയാക്കി വേവിച്ച് ഉപയോഗിച്ചാൽ മത്സ്യത്തിന്റെ പോഷകഗുണങ്ങൾ സുരക്ഷിതമായി പ്രയോജനപ്പെടുത്താമെന്നും സിഎംഎഫ്ആർഐ വ്യക്തമാക്കി.

10 കോടിയുടെ തട്ടിപ്പ് നടന്നതായി പ്രാഥമിക നിഗമനം

കോടികളുടെ വീട് നിർമ്മാണ തട്ടിപ്പ്: ഒളിവിലായിരുന്ന മാസ്റ്റർ ബിൽറ്റ് എം.ഡി. പിടിയിൽ

കാക്കനാട്: വീട് നിർമ്മാണത്തിന് കരാറെടുത്ത് കോടികൾ തട്ടിയെടുത്ത കേസിൽ മാസങ്ങളായി ഒളിവിൽ കഴിഞ്ഞിരുന്ന മാസ്റ്റർ ബിൽറ്റ് ഇൻഫ്രാ സ്ട്രക്ചർ എംഡിയും സിഇഒയുമായ കെ.ജി. ശരത് ചെന്നൈയിൽ പിടിയിൽ. കാക്കനാട് ഇൻഫോപാർക്ക് പോലീസാണ് ചെന്നൈയിൽനിന്ന് ശരതിനെ അറസ്റ്റ് ചെയ്തത്. പ്രതിയെ കോടതിയിൽ ഹാജരാക്കി കസ്റ്റഡിയിൽ വാങ്ങുമെന്ന് പോലീസ് അറിയിച്ചു.

നിർമാണക്കരാർ ഏറ്റെടുത്ത് വൻതുക മുൻകൂറായി കൈപ്പറ്റിയ ശേഷം നിർമാണം പൂർത്തിയാക്കാതെ ഉപഭോക്താക്കളെ വഞ്ചിച്ചെന്ന കേസിലാണ് അറസ്റ്റ്.



■ കെ.ജി. ശരത്

കേസിലെ മറ്റു പ്രതികളായ കമ്പനി സിഇഒ ലിയോ ജോർജ്ജ്, ഡയറക്ടർ കൃഷ്ണപ്രസാദ് എന്നിവരെ പോലീസ് നേരത്തെ അറസ്റ്റ് ചെയ്തിരുന്നു.

തെങ്ങോട് അംബേദ്കർ കോളനി റോഡിൽ 4.3 സെന്റ് സ്ഥലത്ത് മൂന്ന് നിലകളിലായി ആറ് അപ്പാർട്ട്മെന്റുകൾ ഉൾപ്പെടുന്ന 3,424 ചതുരശ്രയടി കെട്ടിടം ഒരുവർഷത്തിനകം പൂർത്തിയാക്കി നൽകാമെന്ന് വാഗ്ദാനം ചെയ്താണ് കരാറെടുത്തത്.

ഇടപ്പള്ളി മാമംഗലം സ്വദേശി അബ്ദുൾ നിസ്താറിന്റെ മക്കളായ ഷാബിൻ, ഷെറിൻ എന്നിവരുടെ പേരിലുള്ള സ്ഥലത്തായിരുന്നു നിർമാണം.

കരാർ പ്രകാരം പലതവണയായി 40.67 ലക്ഷം രൂപ കൈപ്പറ്റിയെങ്കിലും 18.51 ലക്ഷം രൂപയുടെ നിർമാണം മാത്രമാണ് പൂർത്തിയാക്കിയത്. പിന്നീട് നിർമാണം തുടരാതെയും ബാക്കി തുക തിരികെ നൽകാതെയും വഞ്ചിച്ചതോടെയാണ് ഉടമകൾ പോലീസിൽ പരാതി നൽകിയത്.

കരാർ ഒപ്പിട്ടശേഷം നിർമാണച്ചെലവിന്റെ 75 ശതമാനത്തോളം മുൻകൂറായി കൈപ്പറ്റുകയും പിന്നീട് നിർമാണം മന്ദഗതിയിലാക്കുകയോ പൂർണമായി നിർത്തിവയ്ക്കുകയോ ചെയ്യുന്നതായിരുന്നു പ്രതികളുടെ രീതിയെന്നാണ് പോലീസ് പറയുന്നത്.

സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിലായി പ്രതികൾക്കെതിരെ 35ലേറെ പരാതികൾ ലഭിച്ചതായാണ് വിവരം. ഏകദേശം 10 കോടിയോളം രൂപയുടെ തട്ടിപ്പ് നടന്നിട്ടുണ്ടെന്നാണ് പ്രാഥമിക നിഗമനം. പറവൂർ, മുളന്തുരുത്തി, തിരുവനന്തപുരം, പൊഴിയൂർ, മാരാരിക്കുളം, അങ്കമാലി, ഒല്ലൂർ എന്നിവിടങ്ങളിലും ക്രൈംബ്രാഞ്ചിലും പ്രതികൾക്കെതിരെ കേസുകളുണ്ട്.

മാസങ്ങളായി ഒളിവിലായിരുന്ന ശരത്തിനെ കണ്ടെത്തുന്നതിനായുള്ള അന്വേഷണത്തിനൊടുവിലാണ് ചെന്നൈയിൽ നിന്ന് പിടികൂടിയത്. പ്രതിയെ കാക്കനാട് സ്റ്റേഷനിലെത്തിച്ച് വിശദമായി ചോദ്യം ചെയ്തുവരികയാണ്.



● മഹാത്മ ഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും എജ്യൂക്കേഷനിൽ പി.എച്ച്.ഡി. നേടിയ അനിഷ് പി. ചിറയ്ക്കൽ. മൂവാറ്റുപുഴ എസ്.എൻ. കോളജ് ഓഫ് എജ്യൂക്കേഷനിൽ അധ്യാപകനാണ്. ഗവേഷക ഗൈഡ് പ്രഫ. ഡോ. ആശ ജെവി. ഭാര്യ: മൂവാറ്റുപുഴ ഗവ. റ്റി.റ്റി.ഐ. അധ്യാപിക ബിനി ബാലചന്ദ്രൻ.

അന്താരാഷ്ട്ര ഓപ്പൺ റോൾബോൾ മത്സരത്തിൽ ഇന്ത്യയ്ക്ക് വിജയം: ടീമിൽ നിവേദ് വി. പണിക്കരും



കൊച്ചി: ശ്രീലങ്കയിൽ നടന്ന ഇന്ത്യ–ശ്രീലങ്ക ഓപ്പൺ അന്താരാഷ്ട്ര റോൾബോൾ മത്സരത്തിൽ ഇന്ത്യൻ ടീം മികച്ച വിജയം നേടി. ചേർത്തല പട്ടണക്കാട് സെന്റ് ജോസഫ് പബ്ലിക് സ്കൂളിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥിയായ നിവേദ് വി. പണിക്കർ അന്താരാഷ്ട്ര വേദിയിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് മത്സരിക്കാനുള്ള അവസരം ലഭിച്ചത് കായികരംഗത്തെ ശ്രദ്ധേയമായ നേട്ടമാണ്.

മത്സരത്തിൽ ഇന്ത്യൻ ടീമിനൊപ്പം മികച്ച പ്രകടനം കാഴ്ചവെച്ച നിവേദ് വി. പണിക്കർക്ക് സ്കൂൾ അധികൃതരും അധ്യാപകരും പരിശീലകരും സഹതാരങ്ങളും മാതാപിതാക്കളും അഭിനന്ദനങ്ങൾ നേർന്നു.അന്താരാഷ്ട്ര തലത്തിൽ ഇന്ത്യയുടെ വിജയത്തിൽ പങ്കാളിയായ നിവേദിന്റെ നേട്ടം ചേർത്തലയ്ക്കും ആലപ്പുഴ ജില്ലയ്ക്കും അഭിമാനമായി.

● കൊച്ചി മെട്രോ രണ്ടാം ഘട്ടം

ട്രാക്ക് നിർമാണത്തിനുള്ള റെയിലുകൾ സജ്ജം

കൊച്ചി: മെട്രോ രണ്ടാംഘട്ട നിർമ്മാണത്തിൽ നിർണായക നാഴികക്കല്ല്. കലൂർ മുതൽ കാക്കനാട് ഇൻഫോപാർക്ക് വരെയുള്ള 11 കിലോമീറ്റർ പിങ്ക് ലൈൻ വരുന്ന ബാലസ്റ്റ് ലെസ്സ് ട്രാക്കിന് ആവശ്യമായ 44 കിലോമീറ്റർ (2,700 മെട്രിക് ടൺ) റെയിലുകൾ എത്തി.

18 മീറ്റർ നീളത്തിലുള്ള 2444 റെയിലുകളാണ് എത്തിച്ചിരിക്കുന്നത്. ഛത്തീസ്ഗഡിലെ റായ്ഗഡിലുള്ള ജിൻഡാൽ സ്റ്റീൽ ലിമിറ്റഡിലാണ് അന്താരാഷ്ട്ര ഗുണനിലവാരമുള്ള ഹെഡ് ഹാർഡൻഡ് റെയിലുകൾ നിർമ്മിച്ചത്. കെ.എം.ആർ.എൽ പ്രതിനിധികൾ, ജനറൽ കൺസൾട്ടന്റായ സിസ്ട്ര, പരിശോധനാ ഏജൻസിയായ റൈറ്റ്സ് എന്നിവരുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് നിർമ്മാണ, ഗുണനിലവാര പരിശോധനകൾ പൂർത്തിയാക്കിയത്. തേയ്മാനം കുറവുള്ളതും കൂടുതൽ ഈടുനിൽക്കുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള റെയിലുകളാണ് ഇതിനായി ഉപയോഗിക്കുന്നത്.



ട്രാക്ക് നിർമാണം ടെക്സ്മാകോ റെയിൽ എൻജിനീയറിംഗ് കമ്പനിക്കാണ്. പ്രൈം റെയിൽ കമ്പനിയാണ് ട്രാക്ക് ഡിസൈൻ ചെയ്യുന്നത്.

ട്രാക്ക് സ്ഥാപിക്കുന്നതിനുള്ള അലൈൻമെന്റ് ഡിസൈനുകളും മുന്നൊരുക്കങ്ങളും പൂർത്തിയായതോടെ കൊച്ചി മെട്രോയുടെ രണ്ടാം പാതയുടെ നിർമ്മാണം നിർണായകഘട്ടത്തിലേക്ക് കടക്കുകയാണ്.

ഫാക്ട് ദിനം സർ സി.പി. ദിനാചരണമാക്കാനുള്ള തീരുമാനം അനുവദിക്കില്ല: എൻ. അരുൺ

കൊച്ചി: രാജ്യത്തിന്റെ സുപ്രധാനപൊതുമേഖലാ വ്യവസായ സ്ഥാപനമായ എഫ്.എ.സി.ടി സ്ഥാപക ദിനം സർ സി.പി. ദിനാചരണ മാക്കുവാൻ ഉള്ള മാനേജ്മെന്റിന്റെ തീരുമാനം. സംഘപരിവാർ അനുകൂല മാനേജ്മെന്റ് ചരിത്രം മറച്ചുവെച്ച് സർ സി.പി.യുടെ പേരിൽ ആഘോഷം സംഘടിപ്പിക്കുന്നതിന്റെ രാഷ്ട്രീയ അജണ്ടകൾക്കെതിരെ സംസ്ഥാന ഭരണകൂടം മൗനം പാലിക്കുന്നത് ജനാധിപത്യ കേരളത്തോടുള്ള വെല്ലുവിളിയാണ്. ഫാക്ട് രൂപീകരണ ക്ഷിതം വരിച്ച ധീര ദേശാഭിമാനികളുടെയും ജനാധിപത്യാവകാശങ്ങൾക്കായി പോരാടിയ മനുഷ്യരോടുമുള്ള അവഹേളനമാണ് മാനേജ്മെന്റ് തീരുമാനം. സംഘപരിവാർ അനുകൂല മാനേജ്മെന്റ് ചരിത്രം മറച്ചുവെച്ച് സർ സി.പി.യുടെ പേരിൽ ആഘോഷം സംഘടിപ്പിക്കുന്നതിന്റെ രാഷ്ട്രീയ അജണ്ടകൾക്കെതിരെ സംസ്ഥാന ഭരണകൂടം മൗനം പാലിക്കുന്നത് ജനാധിപത്യ കേരളത്തോടുള്ള വെല്ലുവിളിയാണ്. ഫാക്ട് രൂപീകരണത്തിൽ സാഭാവിക നടപടികളുടെ ഭാഗമായി പങ്കുവഹിച്ച സർ സിപി എന്ന തിരുവിതാംകൂർ ദിവാന്റെ ഭരണകാലം തിരുവിതാംകൂറിലെ ജനകീയ അവകാശങ്ങൾക്കും ഉത്തരവാദിത്തഭരണത്തിനുമായുള്ള ശക്തമായ രാഷ്ട്രീയ പോരാട്ടങ്ങളുടെ കാലഘട്ടം കൂടിയായിരുന്നു.

മലയാളക്കരയാകെ തള്ളിയ സർ സിപിയെ പൊടിതട്ടിയെടുത്ത് മഹത്വവത്ക്കരിക്കാനുള്ള ശ്രമം അനുവദിക്കില്ലെന്നും എൻ അരുൺ പറഞ്ഞു.

പതിനഞ്ചാം പഞ്ചവത്സര പദ്ധതി: ഉന്നതതല യോഗം നാളെ

കൊച്ചി: പതിനഞ്ചാം പഞ്ചവത്സര പദ്ധതിയുടെ 2027–28–ലെ നിർദ്ദേശങ്ങൾ ജനപങ്കാളിത്തത്തോടെ രൂപീകരിക്കുന്നതിന് ജില്ലാ ഉന്നതതല യോഗം നാളെ രാവിലെ 10 ന് കാക്കനാട് ഇൻഫോപാർക്കിലെ അതുല്യ ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും. ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ കെ.എം. ചന്ദ്രശേഖർ, ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം. ജോൺ, മറ്റ് ജനപ്രതിനിധികൾ എന്നിവർ പങ്കെടുക്കും.

ലോക മാരിടൈം ദിനാഘോഷം: നാളെ ലേ മെറിഡിയനിൽ

കൊച്ചി: കേരള മാരിടൈം ബോർഡ്, വിഴിഞ്ഞം ഇന്റർനാഷണൽ പോർട്ട് ആൻഡ് സെസ് ലിമിറ്റഡ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ലോക മാരിടൈം ദിനാഘോഷം നാളെ ലെ മെറിഡിയൻ ഹോട്ടലിലെ ഒമാൻ ഹാളിൽ നടക്കും.

വൈകിട്ട് ആറിന് നടക്കുന്ന സമാപന സമ്മേളനത്തിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഇന്റർനാഷണൽ മാരിടൈം മ്യൂസിയം ആൻഡ് ഓഷ്യനേറിയം എന്ന പദ്ധതിയുടെ സമീപന രേഖയുടേയും ലോഗോയുടേയും പ്രകാശനം മുഖ്യമന്ത്രി വി. ഡി സതീശൻ നിർവഹിക്കും.

ഫിഷറീസ് സാമൂഹ്യ നീതി വകുപ്പ് മന്ത്രി വി.ഇ അബ്ദുൽ ഗഫൂർ അധ്യക്ഷത വഹിക്കും.

ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ, ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി അനൂപ് ജേക്കബ്, ഹൈബി ഈഡൻ എം.പി, ദീപക് ജോയ് എം.എൽ.എ തുടങ്ങിയവർ മുഖ്യാതിഥികളാകും.

മറ്റ് എം.എൽ.എമാർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

Roads and Bridges Development Corporation of Kerala Ltd. (RBDCK)
(A Government of Kerala Undertaking)
2nd Floor, Preethi Buildings, M.V.Road, Palarivattom, Kochi-682 025.
Ph: (484) 2338205, 2338206, Fax: (91-484) 2533294, e-mail: rbdckltd@gmail.com, Website: www.rbdck.com

RBDCK/ ROB/ T 179/ 91/ 2026 (Retender). Date: 23.09.2026

E - TENDER NOTICE

On behalf of Roads and Bridges Development Corporation of Kerala Limited, its Managing Director invites bids under two bid systems (1. Pre-qualification Bid & Technical Bid 2. Price Bid) for Design and Construction of the ROB at Susheelappadi in Palakkad District. (Re-tender)

	Approximate value of work	- Rs. 20.82 Crores
2)	Bid Security	- Rs. 5 Lakh
3)	Cost of document	- Rs. 17,700/-

For further details please visit www.etenders.kerala.gov.in

Sd/-
Managing Director

INLAND WATERWAYS AUTHORITY OF INDIA
(Ministry of Ports, Shipping and Waterways, Govt. of India)
National Waterway Road, Kannadikkadu, Maradu, Ernakulam, Kerala – 682 304.
Telephone No. 0484 - 2389804, 2389445
E-mail: dirkoc.iwai@nic.in, Web Site:- www.iwai.gov.in

NOTICE INVITING TENDER
Tender No. IWAIKC-14/21/2026-DIR (KOCHI)/17/27

Online bids are invited from resourceful and experienced firms / Contractors for **"Construction of steel truss roof for covered car parking at RO, Kochi."** **Estimated Cost:** ₹4.03 lakh (Excl. GST but incl. Labour welfare Cess). **Tender Fee:** ₹1,180/-. **Date of download of Tenders is from** 23.09.2026 at 11:00 hrs. **Last date for submission of online bids:** 07.10.2026 up to 15:00 hrs. and **online opening of bid is on** 08.10.2026 at 15:30 hrs. All the relevant details shall be available in website **www.iwai.gov.in** and **https://eprocure.gov.in/eprocure/app.** Further amendments / Corrigendum, if any, will be uploaded in above websites only. Bidders are advised to check the website before submitting the tender.

Sd/-
Director

MANAPPURAM FINANCE LTD.
CIN: L65910KL1992PLC006623
Registered Office : IV - 47/638A, Manapuram House P.O. Valapad, Thrissur - 680 567, Kerala, India

സ്വർണ്ണലേല അറിയിപ്പ്

ഞങ്ങളുടെ സ്ഥാപനത്തിന്റെ വിവിധ ശാഖകളിൽ പണയം വച്ചിട്ടുള്ള സ്വർണ്ണാഭരണങ്ങൾ അതാത് ശാഖകളിൽ വച്ച് 16/10/2026 തീയതികളിൽ രാവിലെ 10.00 മണി മുതൽ പരസ്യമായി ലേലം ചെയ്യുന്നതാണെന്ന് പൊതു ജനങ്ങളേയും പണയ ഇടപാടുകാരെയും പ്രത്യേകിച്ചും ബന്ധപ്പെട്ട ശാഖയിലെ സ്വർണ്ണാഭരണങ്ങൾ കുടിശ്ശികയും കൂടാതെ മുഴുവൻ കുറിയും അടച്ച് തീർത്ത് തിരിച്ചെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം നടക്കുന്ന ദിവസം രാവിലെ തന്നെ ബന്ധപ്പെട്ട ശാഖയിൽ എത്തി അതാത് ശാഖകളിൽ നിശ്ചയിച്ചിട്ടുള്ള ലേലത്തുക അടച്ച് തീർത്ത് ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യപ്പെടുന്നു. ലേലത്തിന്റെ നടപടിക്രമങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലേലത്തിൽ പങ്കെടുക്കുന്ന പണയ ഉപഭോക്താക്കളുടെ പട്ടിക അതാത് ശാഖകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ലേലത്തിൽ സ്വന്തമായി പണയ ഉപഭോക്താക്കൾ ഹാജരാകുവാൻ കഴിയാത്തവർക്ക് അവരുടെ അധികാരപ്പെടുത്തിയ പ്രതിനിധികൾ മുഖേനയും ലേലത്തിൽ പങ്കെടുക്കുന്നതിനും ലേലം വിളിച്ചുറപ്പിക്കുന്നതിനും അവസരമുണ്ടായിരിക്കുന്നതാണ്. ലേലത്തിൽ സ്വന്തമായിട്ടും അല്ലാതെയും ലേലം വിളിച്ചുറപ്പിക്കുന്നതിനുള്ള അധികാരം ഞങ്ങൾ നൽകിയിട്ടുള്ള ആരെയെങ്കിലും അതോറിറ്റിയിൽ നിന്നും എന്തെങ്കിലും മറ്റുതരത്തിൽ ഞങ്ങൾക്കെതിരായി ഉണ്ടാകുന്ന പ്രവർത്തികൾക്കും ഞങ്ങൾ ഉത്തരവാദികളായിരിക്കുന്നതുമല്ല. ഇതുമായി ബന്ധപ്പെട്ട മറ്റൊരു അറിയിപ്പ് ഉണ്ടായിരിക്കുന്നതുമല്ല.

ഗോപകുമാർ ജി
ബ്രാഞ്ച് മാനേജർ

കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡ്

രജിസ്റ്റേർഡ് ഓഫീസ് 27, ബി. കെ. സി, സി - 27, ജി ബ്ലോക്ക്, ബാന്ദ്ര കുർള കോംപ്ലക്സ്, ബാന്ദ്ര (ഈസ്റ്റ്), മുംബൈ - 400051
ശാഖ ഓഫീസ് നം. 22, ഒന്നാം നില, എം. ജി. റോഡ്, ബാംഗ്ലൂർ, കർണാടക - 560001
കോർപ്പറേറ്റ് ഐഡന്റിറ്റി നമ്പർ - L65110MH1985PLC038137, www.kotak.com

സ്ഥാവര വസ്തുക്കളുടെ ഇ - ലേല കം വിൽപ്പന അറിയിപ്പ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റെറസ്റ്റ് ആക്ട് 2002 പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ - ലേല വിൽപ്പന അറിയിപ്പ്. 2002 ലെ സെക്യൂരിറ്റി ഇന്റെറസ്റ്റ് (എൻഫോഴ്സ്മെന്റ്) നിയമങ്ങളുടെ റൂൾ 8 (6) & 9(1) പ്രകാരമുള്ള വ്യവസ്ഥകൾ പ്രകാരം.

വായ്പക്കാരൻ/ ജാമ്യക്കാരൻ/ പണയക്കാരായ ശ്രീമതി. ജെയിനി ജെൻസൺ, ശ്രീ. ബാബു ജോസഫ് പ്രീ. ജെൻസൻ പോൾ, ശ്രീ. ബോബൻ ജോസഫ് മാളിയേക്കൽ, ശ്രീമതി. മോളി ബോബൻ മാളിയേക്കൽ & ശ്രീ. ഫൈസൽ ജോസഫ് ചക്കോ എന്നിവരിൽ നിന്നും സെക്യൂരിറ്റി ഇന്റെറസ്റ്റാറായ കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡിന് ലഭിക്കാനുള്ള 21-09-2026 തെ **രൂപ 3,11,97,019.87 (മൂന്ന് കോടി പതിനൊന്ന് ലക്ഷത്തി തൊണ്ണൂറ്റിഏഴായിരത്തി പത്തൊമ്പത് രൂപ എൺപത്തേഴ് പൈസ മാത്രം)** യും തിന് ശേഷം വരുന്ന പലിശയും മറ്റ് ചാർജുകളും ഉൾപ്പടെയുള്ള തുകയ്ക്കുമുള്ള കുടിശ്ശിക തിരിച്ചടവ് ലക്ഷ്യമിട്ട് കൊണ്ട് കൊട്ടക് മഹീന്ദ്ര ബാങ്ക് ലിമിറ്റഡിൽ ("സെക്യൂർഡ് ക്രെഡിറ്റർ") പണയം വച്ചിരിക്കുന്ന / ചാർജ്ജ് ചെയ്ത് താഴെ വിവരിച്ച് രിക്കുന്ന സ്ഥാവര സ്വത്തുക്കൾ, സെക്യൂർഡ് ക്രെഡിറ്ററുടെ അംഗീകൃത ഉദ്യോഗസ്ഥൻ 08-01-2026 ന് പ്രത്യക്ഷമായി ലേഖനപ്പെടുത്തിയിട്ടുള്ള വസ്തു "എവിടെയെങ്കിലും അവിടെ", "എന്തായാലും അങ്ങനെ", "എന്തെല്ലാമായാലും അത്" വ്യവസ്ഥയിൽ **15-10-2026** ന് ഇ - ലേലത്തിലൂടെ വിൽക്കുമെന്ന് പൊതുജനങ്ങൾക്കും, പ്രത്യേകിച്ച് വായ്പക്കാർ/ ജാമ്യക്കാർ/ പണയക്കാർക്കും ഇതിനാൽ അറിയിപ്പ് നൽകുന്നു. ലേലത്തിന് വച്ചിരിക്കുന്ന സ്ഥാവര വസ്തുവിന്റെ വിശദാംശങ്ങൾ/വിവരണം, കരുതൽ വില, ആരാധ നികുതി, കുടിശ്ശികകൾ, 13(2) നോട്ടീസിന്റെ നിബന്ധനങ്ങൾ, ഭാവികമായി കൈവരാം എടുത്ത തീയതി, ലേല ഏജൻസി എന്നിവ ചുവടെ പരാമർശിച്ചിരിക്കുന്നു.

വായ്പക്കാരുടെ പേര്	ഇ ലേലത്തിനുള്ള സ്ഥാവര വസ്തുവിന്റെ വിവരണം	ഓൺലൈൻ ബിഡ് സമർപ്പിക്കേണ്ട അവസാന തീയതി	കരുതൽ തുക (രൂപ)
ശ്രീ. ജെൻസൻ പോൾ	എറണാകുളം ജില്ല, പിൻ-683514. കൊച്ചി താലൂക്ക്, പള്ളിപ്പുറം പഞ്ചായത്ത്, പള്ളിപ്പുറം വില്ലേജിൽ, റീ സർവ്വെ നം 402/2 ൽ പെട്ട ശ്രീ ജെൻസൻ പോൾ ന്റെ പേരിലുള്ള 39.04 സെന്റ് വസ്തുവിനോടുള്ള വസ്തുവും കെട്ടിടവും പണിയെടുത്തിട്ടുള്ള തീയത് മുതൽ / ഒഴിവുള്ളതിനേക്കാൾ ഏത് സമയത്തും അവിടെ നിർമ്മിക്കാവുന്ന കെട്ടിടങ്ങളും ഘടനകളും. അതിലേക്കുള്ള എല്ലാ കൂട്ടിച്ചേർക്കലുകളും. മുഴുവൻ ഘടിപ്പിച്ചിരിക്കുന്നതോ സ്ഥിരമായി ഘടിപ്പിച്ചിരിക്കുന്നതോ ആയ നിലവിലും ഭാവിയിലും ഉള്ള എല്ലാ ഫിക്സ്ചറുകളും ഫിറ്റിംഗുകളും പ്ലാന്റും യന്ത്രങ്ങളും	14-10-2026 വൈകുന്നേരം 04.00 വരെ	രൂപ 3,87,00,000/- (മൂന്ന് കോടി എൺപത്തേഴ് ലക്ഷം രൂപ മാത്രം)
		ഇ-ലേലത്തിന്റെ തീയതിയും സമയവും	നിരതദ്രവ്യം (ഇഎംഡി) (രൂപ)

താഴെ ഒപ്പിട്ട വ്യക്തിക്ക് തന്റെ പൂർണ്ണ വിവേചനാധികാരത്തിലും വാങ്ങാൻ സാധ്യതയുള്ളവരുടെ അഭിപ്രായം പ്രകാരവും **01-10-2026** ന് ഉച്ചയ്ക്ക് **1.00** മണി മുതൽ വൈകുന്നേരം **03.00** മണി വരെ തന്റെ അംഗീകൃത പ്രതിനിധി/ഏജന്റ് മുഖേന വസ്തുവകകൾ പരിശോധിക്കാൻ ക്രമീകരിക്കുന്നതാണ്

പ്രധാന നിബന്ധനകളും വ്യവസ്ഥകളും

1) 15-10-2026 ന് ഉച്ചയ്ക്ക് 1.00 മണി മുതൽ 02.00 മണി വരെ https://www.bankeauctions.com/ എന്ന വെബ്സൈറ്റ് മുഖേനെ ഓൺലൈൻ ഇലക്ട്രോണിക് ബിഡ്ഡിംഗ് വഴി മാത്രമേ ഇ- ലേലം നടത്തുകയുള്ളൂ. ഓഫ്ലൈനായും 5 മിനിറ്റ് വൈരുദ്ധ്യ പരിധിയിലുമെന്ന് ദീർഘിപ്പിക്കുന്നതാണ്. 2) ഈ ലേലനടപടിക്രമവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾക്ക് ഉദ്യോഗസ്ഥരായ Ms. C1 ശ്രീവള്ളി പ്രൈസ് ലിമിറ്റഡ് ശ്രീ. പ്രണീ കുമാർ മൊബൈൽ +91-9548182222, ഈ മെയിൽ ഐ.ഡി: andhra@c1india.com തുടങ്ങിബന്ധപ്പെടാവുന്നതാണ്. 3) ഇ-ലേലത്തിനുള്ള നിബന്ധനകളും വ്യവസ്ഥകളും നിബന്ധനകളും വ്യവസ്ഥകളും ഓൺലൈൻ - https://www.bankeauctions.com/en/bank-auctions.html വെബ്സൈറ്റിലെ ലഭ്യമാണ്. 4) ലേലത്തിനായുള്ള വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും ലേലക്കാർ https://www.bankeauctions.com/ എന്ന ചേർന്നുള്ള സ്വത്തിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾക്കും ലഭ്യമായ ഏതെങ്കിലും അതോറിറ്റിയിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ ഉൾപ്പെടെ